*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/ HSE/2018** **28th November 2018**

# സർക്കുലർ

**വിഷയം : 2018–2019 അധ്യയന വർഷത്തെ ഒന്നാം വർഷ പരീക്ഷയുടെ പുതുക്കിയ നോമിനൽ റോൾ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു.**

സൂചന : 1) ഇതേ നമ്പറിൽ 2018 ഒക്ടോബർ 29 – ലെ സർക്കുലർ

2018 ഒക്ടോബർ 31 ന് സ്കൂളധികൃതരുടെ പരിശോധനക്കായി പ്രസിദ്ധീകരിച്ചിരുന്ന നോമിനൽ ലിസ്റ്റിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം അതത് സ്കൂളുകൾക്ക് നവംബർ 15 ന് വൈകിട്ട് 5 മണി വരെ അനുവദിച്ചിരുന്നു. അഡ്മിൻ യൂസറിലുള്ള NOMINAL ROLL CORRECTION എന്ന ലിങ്കിലൂടെ സ്കൂളധികൃതർ വരുത്തിയിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിയും , സൂചനയിലുള്ള സർക്കുലർ പ്രകാരം ഐ.സി.റ്റി. സെല്ലിൽ അയച്ചുകിട്ടിയ സ്പെഷ്യൽ ഓർഡർ അഡ്മിഷൻ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ടും നോമിനൽ റോൾ പുന:പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2018–2019 വർഷത്തിൽ ഒന്നാം വർഷ പരീക്ഷ എഴുതാൻ യോഗ്യരായ എല്ലാ റഗുലർ വിദ്യാർത്ഥികളേയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലിസ്റ്റിലില്ലാത്ത റഗുലർ വിദ്യാർത്ഥികൾക്ക് ഇക്കൊല്ലം പരീക്ഷയെഴുതാനാവില്ല. ഇക്കാരണം കൊണ്ടുതന്നെ സ്കൂളധികൃതർ ലിസ്റ്റ് സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ പേര് യോഗ്യതാ സർട്ടിഫിക്കറ്റിലേതുപോലെ തന്നെയെന്നു പ്രത്യേകം ഉറപ്പു വരുത്തേണ്ടതും അല്ലായെങ്കിൽ തിരുത്തൽ വരുത്തേണ്ടതുമാകുന്നു. പ്രിൻസിപ്പൽമാർ അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് നോമിനൽ റോൾ സൂക്ഷ്മ പരിശോധനക്കുള്ള നടപടികൾ സത്വരമായി സ്വീകരിക്കണം.

സ്കൂളിന്റെ നോമിനൽ റോളുകൾ പൂർണമായോ ഭാഗികമായോ ലഭ്യമാകാതിരിക്കുകയോ, നോമിനൽ റോളിൽ വിട്ടുപോയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും **സൂചന 1 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുക. ഇനിയും ഫോട്ടോ അപ്‌ലോഡ് ചെയ്യാത്ത സ്കൂളുകൾക്ക്** NOMINAL LIST എന്ന ലിങ്കിൽ നിന്നും ലഭ്യമാകുന്ന നോമിനൽ റോളിൽ “PHOTO” എന്ന ഫീൽഡിൽ ഓരോ വിദ്യാർത്ഥിയുടേയും പേരിനു സമീപത്തുള്ള “Browse” ബട്ടൺ ക്ലിക്ക് ചെയ്ത് നിർദ്ദിഷ്ട വലിപ്പത്തിലുള്ള കളർ/ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോ അപ്‌ലോഡ് ചെയ്യാവുന്നതാണ്. 150 Pixel X 200 Pixel വലിപ്പത്തിലുള്ള ഫോട്ടോ വേണം അപ്‌ലോഡ് ചെയ്യാൻ. സ്കാൻ ചെയ്ത ഫോട്ടോയുടെ വലിപ്പം ഒരു കാരണവശാലും 30 KB യിൽ കവിയരുത്.

**പ്രവേശനം നേടിയ ശേഷം ദീർഘകാലമായി ക്ലാസ്സിൽ ഹാജരാകാത്ത വിദ്യാത്ഥികളെ സംബന്ധിച്ച വിവരം NOMINAL ROLL CORRECTION എന്ന ലിങ്കിലൂടെ രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ പ്രസ്തുത വിദ്യാർത്ഥികളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതില്ല.**

**നോമിനൽ റോൾ തിരുത്തലുകൾക്ക് വേണ്ടിയുള്ള ലിങ്ക് ഡിസംബർ 4 ന് വൈകിട്ട് 5 മണി വരെ ലഭ്യമാകുന്നതാണ്. ഡിസംബർ 4 നുശേഷം യാതൊരുവിധ തിരുത്തലുകളും നോമിനൽ ലിസ്റ്റിൽ അനുവദിക്കുന്നതല്ല.**

**നോമിനൽ റോളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളേയോ, രക്ഷകർത്താക്കളേയോ ഒരു കാരണവശാലും ഡയറക്ടറേറ്റിലേക്ക് അയക്കരുത്. സ്കൂളധികൃതരാണ് ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.**

**ഡയറക്ടർ**